"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ഊട്ടുപാറ സെന്റ് ജോർജ് എച്ച്. എസ്സ്,ലെ എൽ. ജി. ഹിന്ദി ടീച്ചറായ ശ്രീമതി.അമ്മിണി തോമസ് സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5305/2022/GEDN തീയതി,തിരുവനന്തപുരം, 03-09-2022

പരാമർശം:-
1. ഊട്ടുപാറ സെന്റ് ജോർജ് എച്ച്. എസ്സ്,ലെ എൽ. ജി. ഹിന്ദി ടീച്ചറായ ശ്രീമതി.അമ്മിണി തോമസ് സമർപ്പിച്ച അപേക്ഷ
2. 19/05/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/2033/2020-ET3 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

ഊട്ടുപാറ സെന്റ് ജോർജ് എച്ച്. എസ്സ് - ലെ എൽ. ജി. ഹിന്ദി ടീച്ചറായ ശ്രീമതി.അമ്മിണി തോമസ് പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

2. ഊട്ടുപാറ സെന്റ് ജോർജ് എച്ച്. എസ്സ് ൽ 16/07/2002 മുതൽ സേവനത്തിൽ പ്രവേശിക്കുകയും, 2/06/2003 മുതൽ ശ്രീമതി. എം.സി മറിയാമ്മയുടെ റിട്ടയർമെന്റ് വേക്കൻസിയിൽ സർവീസിൽ പ്രവേശിക്കുകയും, 14/07/2009 വരെ റെഗുലർ ആയി സർവീസിൽ തുടരുകയും ചെയ്തു. 2009-10 ലെ ഫിക്സേഷൻ പ്രകാരം 15/07/2009 ൽ പോസ്റ്റ് നഷ്ടപെടുകയുണ്ടായി . എന്നാൽ ആ വർഷത്തെ Effective Strength Std VII ൽ 46ഉം IX ൽ 47 ഉം ആണ്. ഈ രണ്ടു ക്ലാസ്സിലും 1:40 apply ചെയ്താൽ ഓരോ ഡിവിഷൻ കൂടി ലഭിക്കാവുന്നതാണ്. Total 29 പിരീഡ് കിട്ടിയാൽ ഒരു HSA ഹിന്ദിയും, LG ഹിന്ദിയും ലഭിക്കാവുന്നതാണ് . Art, craft work ഇവയിൽ സ്പെഷ്യൽ പോസ്റ്റ് ഒന്നും നിലവിൽ ഇല്ലാത്തതിനാൽ ഗ്രൂപ്പ് സി പ്രകാരവും പോസ്റ്റ് ലഭിക്കാവുന്നതാണ്. G.O.(MS) No 371/2000/GEDN dated 13/11/2000 പ്രകാരം 2010-11 വരെ സർവീസിൽ ഉള്ളവർക്ക് ഗ്രൂപ്പ് സി diversion ലഭിക്കാവുന്നതാണ്. ഈ വിഷയത്തിൽ അനുകൂലമായ ഒരു ഉത്തരവ് നൽകണമെന്നാണ് അപേക്ഷയിലെ ആവശ്യം

3. സർക്കാർ മേൽ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

4. സെന്റ് ജോർജ്ജ് ഹൈസ്കൂൾ ഊട്ടുപാറയിൽ എൽ.ജി ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി. എം..സി മറിയാമ്മ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 02/06/2003 മുതൽ ശ്രീമതി. അമ്മിണി തോമസ് റഗുലർ തസ്തികയിൽ എൽ.ജി. ഹിന്ദി അദ്ധ്യാപികയായി പ്രവേശിച്ചു. 2009-2010 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടിയാരി 15/07/2009 ൽ തസ്തിക നഷ്ടപ്പെട്ട് പുറത്തായി. 20/06/2012 മുതൽ അദ്ധ്യാപക പാക്കേജിലുൾപ്പെട്ട് സംരക്ഷണ ആനുകൂല്യം ലഭിച്ച് ക്ലസ്റ്റർ കോർഡിനേറ്ററായി സേവനമനുഷ്ഠിച്ചു വരുന്നു. സ.ഉ.(കൈ) 119/2018/ പൊ.വി.വ തീയതി 23/08/2018 പ്രകാരം ടിയാരിയുടെ സേവന വേതന ക്രമീകരണം നടത്തിയിട്ടുണ്ട്.

5. 2009-2010 വർഷം 7,9 ക്ലാസ്സുകളിൽ 1:40 അനുപാത പ്രകാരം തസ്തിക നിർണ്ണയം നടത്തിയോ ഗ്രൂപ്പ് സി ഡൈവേർഷൻ പ്രകാരമോ ടിയാരിയെ മാതൃ സ്കൂളിൽ നിലനിർത്തണമെന്നാണ് റിവിഷൻ ഹർജിയിലെ ആവശ്യം. സെന്റ് ജോർജ്ജ് ഊട്ടുപാറ സ്കൂളിലെ 2009-2010 മുതൽ 2014-2015 വരെയുള്ള വർഷങ്ങളിൽ V മുതൽ X വരെയുള്ള ഡിവിഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2009-2010	V	VI	VII	VIII	IX	X
	25	19	46	54	47	53
	1	1	1	2	1	2

2010- 11	V	VI	VII	VIII	IX	X
	22	23	23	54	55	42
	1	1	1	2	2	1

2011-12	V	VI	VII	VIII	IX	X
	16	26	24	27	53	52
	1	1	1	1	2	2

2012-13	V	VI	VII	VIII	IX	X

	23	12	25	25	26	51
	1	1	1	1	1	2

2013- 14	V	VI	VII	VIII	IX	X
	19	21	11	24	27	26
	1	1	1	1	1	1

2014- 15	V	VI	VII	VIII	IX	X
	11	18	19	12	25	28
	1	1	1	1	1	1

6. ടി സ്കൂളിൽ 2008-2009 വർഷം എച്ച്.എസ് വിഭാഗത്തിൽ 1:40 അനുപാതത്തിൽ 5 ഡിവിഷനുകളും യു.പി വിഭാഗത്തിൽ 4 ഡിവിഷനുകളും അനുവദിച്ചിരുന്നു. 2009-10 വർഷം യു.പി വിഭാഗത്തിൽ 7-ാം ക്ലാസ്സിലും എച്ച്.എസ് വിഭാഗത്തിൽ 9-ാം ക്ലാസ്സിലും 1:40 അനുപാതത്തിൽ ഡിവിഷൻ അനുവദിക്കണമെന്നാണ് ടിയാരി ആവശ്യപ്പെട്ടിരിക്കുന്നത്. യു.പി വിഭാഗത്തിൽ 2009-10 വർഷം 5, 6, 7 ക്ലാസ്സുകളിലായി ഓരോ ഡിവിഷനുകളാണ് അനുവദിച്ചിട്ടുള്ളത്. 7-ാം ക്ലാസ്സിൽ 1:40 അനുവദിച്ചാൽ ഒരു ഡിവിഷൻ കൂടി വരുന്നു. അപ്രകാരമാകുമ്പോൾ യു.പി വിഭാഗത്തിൽ ഹിന്ദിക്ക് ചുവടെ ചേർക്കും പ്രകാരം പീരീഡുകൾ അനുവദിക്കാം.

ക്ലാസ്സ്	V	VI	VII	ആകെ
ഡിവിഷൻ	1	1	2	
പീരീഡ്	2	3	6	11

7. എച്ച്.എസ് വിഭാഗത്തിൽ 9-ാം ക്ലാസ്സിൽ 1:40 അനുവദിച്ചാൽ അത് അധിക ഡിവിഷനായി മാറുന്നു. ജി.ഒ.(പി) 317/2005 തീയതി 17/08/2005 പ്രകാരം അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കുന്നതിന് വിലക്കുണ്ട്. സർക്കാർ ഉത്തരവ് (പി) 10/10/പൊ.വി.വ തീയതി 12/01/2010 വ്യവസ്ഥകൾ പ്രകാരം അധിക ഡിവിഷനുകൾ അനുവദിക്കുന്നതിലെ വിലക്കു നീക്കിയിട്ടുണ്ടെങ്കിലും ഉത്തരവ് പ്രകാരമുള്ള ഡിക്ലറേഷനുകൾ മാനേജർ, ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചിരുന്നില്ല. നിലവിൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം എച്ച്.എസ് വിഭാഗത്തിൽ ഹിന്ദിക്ക് ചുവടെ ചേർക്കും പ്രകാരം

അനുവദിക്കാവുന്നതാണ്.

ക്ലാസ്സ്	VIII	IX	X	ആകെ
ഡിവിഷൻ	2	1	2	
പീരീഡ്	6	3	6	15

8. ഗ്രൂപ്പ് സി ഡൈവേർഷൻ പ്രകാരം 5, 6, 7 ക്ലാസ്സുകളിലെ ഓരോ പീരീഡ് ചേർത്താൽ 3 പിരീഡ് കൂടി വരുന്നു. അപ്രകാരം ഹിന്ദിക്ക് ചുവടെ ചേർക്കും ആകെ പിരീഡുകൾ കണക്കാക്കാം. 11(യു.പി)+15(എച്ച്.എസ്)+3 (ഗ്രൂപ്പ് സി)= 29 ആയതിനാൽ 2009-10 വർഷം ഒരു എച്ച്.എസ്.എ (ഹിന്ദി) ഒരു എൽ.ജി (ഹിന്ദി) തസ്തികകൾ അനുവദിക്കാവുന്നതായി കാണുന്നു. എന്നാൽ എൽ.ജി ഹിന്ദി തസ്തിക അനുവദിക്കുന്നതിനു ഒരേ സമയം ഗ്രൂപ്പ് സി ഡൈവേർഷൻ ആനുകൂല്യവും, 1:40 ആനുകൂല്യവും നൽകേണ്ടതായി വരുന്നുണ്ട്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വരുന്നതിനാൽ ഡിവിഷനുകൾ കുറയുന്നതാണ്.

2010-11 വർഷത്തിൽ യു.പി.- 3, എച്ച്.എസ്.-5

2011-12 വർഷത്തിൽ യു.പി.-3, എച്ച്.എസ്.- 5

2012-13 വർഷത്തിൽ യു.പി.- 3, എച്ച്.എസ്.- 4

2013-14 വർഷത്തിൽ യു.പി.- 3, എച്ച്.എസ്.-3

2014-15 വർഷത്തിൽ യു.പി. -3, എച്ച്.എസ്.- 3

9. 2014-15 വർഷം മുതൽ ടി സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെട്ടിട്ടുള്ളതാണ്. 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരവും സ്കൂളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്തതാണ്. അതായത് 2009-2010 വർഷം 7-ാം ക്ലാസ്സിൽ 1:40 അനുപാതവും, 5, 6, 7 ക്ലാസ്സുകളിലെ ഓരോ പിരീഡ് വീതം കണക്കാക്കി ഗ്രൂപ്പ് സി ഡൈവേർഷനും അനുവദിച്ചാൽ ശ്രീമതി. അമ്മിണി തോമസിന് പ്രസ്തുത വർഷം മാതൃസ്കൂളിൽ തുടരാൻ തസ്തിക ലഭിക്കുന്നതാണ്. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ ടിയാരിയെ നിലനിർത്താനുള്ള തസ്തിക നിലനിൽക്കുന്നില്ല

സ.ഉ.(സാധാ) നം.5305/2022/GEDN

മേൽ സാഹചര്യത്തിൽ ഊട്ടുപാറ സെന്റ് ജോർജ് എച്ച്. എസ്സ് - ലെ എൽ. ജി. ഹിന്ദി ടീച്ചറായ ശ്രീമതി.അമ്മിണി തോമസ് പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ അപ്പീലിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാവിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട

ശ്രീമതി.അമ്മിണി തോമസ്, എൽ. ജി. ഹിന്ദി ടീച്ചർ, സെന്റ് ജോർജ് എച്ച്. എസ്സ്, ഊട്ടുപാറ

മാനേജർ, സെന്റ് ജോർജ് എച്ച്. എസ്സ്, ഊട്ടുപാറ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 05-09-2022 10:41:22

സെക്ഷൻ ഓഫീസർ